**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3264** **08-10-2025 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | കാക്കനാട് - തങ്കളം നാലുവരി പാത ചെയിനേജ് 0/000 (മനയ്ക്കക്കടവ്) മുതൽ 27/324(തങ്കളം) വരെയുള്ള റോഡ് കുന്നത്തുനാട് (17 കി.മീ.), മൂവാറ്റുപുഴ (1.74 കി.മീ.), പെരുമ്പാവൂർ (1.26 കി.മീ.), കോതമംഗലം (7.324 കി.മീ.) എന്നീ 4 മണ്ഡലങ്ങളിൽ കൂടി കടന്നു പോകുന്നുണ്ട്. പ്രസ്തുത നാലുവരി പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി (മുപ്പത്കോടി) രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കുകയും തുടർന്ന് ഈ ഭരണാനുമതി പുതുക്കി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 27.324 കി.മീ. നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം (കി.മീ 20/000 മുതൽ 27/324) വരെയുള്ള ഭാഗത്തിന്റെ 255 കോടി രൂപയുടെ പദ്ധതിരേഖ റോഡ്സ് വിഭാഗത്തിൽ നിന്നും തയ്യാറാക്കിയത് കിഫ്ബിയിൽ സമർപ്പിച്ചിതിനെ തുടർന്ന് ആയതു വ്യക്തത വരുത്തി സമർപ്പിക്കുവാനും ഭാഗികമായി സമർപ്പിക്കാതെ 0/000 മുതൽ 27/324 വരെ ഒന്നിച്ചു സമർപ്പിക്കുവാനും കിഫ്ബിയിൽ നിന്നും നിർദ്ദേശം നൽകി.<br><br>പ്രസ്തുത പദ്ധതിയുടെ 0/000 മുതൽ 20/000 വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റും പ്രൊഫൈലും പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്നും തയ്യാറാക്കിയിരുന്നെങ്കിലും പ്രസ്തുത പ്രൊഫൈൽ പ്രകാരം IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റ് ആയ 8% പലസ്ഥലങ്ങളിലും അധികരിക്കുന്നതായി കണ്ടെത്തിയിരുന്നു. അതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഡിസൈൻ ചെയ്യുവാൻ സാധ്യമല്ലെന്നും ഫീസിബിൾ അല്ലെന്നും ഡിസൈൻ വിഭാഗത്തിൽ നിന്നും വ്യക്തമാക്കുകയും പാരിസ്ഥിതിക പഠനത്തിന് ശിപാർശ ചെയ്യുകയും ചെയ്തു. കിഫ്ബിയിൽ നിന്നുള്ള സൈറ്റ് വിസിറ്റ് റിപ്പോർട്ട് പ്രകാരം കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (ചെ |

| | | | |
|---|---|---|---|
| | | | 0/000 മുതൽ 27/324 വരെ) ഉള്ള അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഫീസിബിൽ അല്ല എന്ന് കിഫ്ബി സി.ഇ.ഒ അറിയിക്കുകയും മറ്റ് അലൈൻമെന്റുകളുടെ സാധ്യത പരിശോധിക്കുന്നതിനായി നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തുടർ നടപടികൾ വേഗത്തിലാക്കി നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിലവിൽ കിഫ്ബിയിൽ നിന്നും ലഭ്യമായ പുതിയ ഡ്രാഫ്റ്റ് അലൈൻമെന്റിന്റെ സാധ്യതാ പരിശോധന പൂർത്തിയാക്കി ഫീസിബിലിറ്റി റിപ്പോർട്ട് കിഫ്ബിയുടെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ